**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 543** **05-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ നവീകരിക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (എ) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ അവലോകനം ചെയ്യുകയുണ്ടായി. മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ മേഖല തിരിച്ച് കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ ഉൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കമ്പനികൾ കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കരട് മാസ്റ്റർ പ്ലാനുകളിന്മേൽ തേടിയ ഉന്നതതല നിർദ്ദേശങ്ങളും, കമ്പനികളിലെ ഉദ്യോഗസ്ഥരുടെയും യൂണിയൻ പ്രതിനിധികളുടെയും അഭിപ്രായങ്ങളും പരിഗണിച്ചതിനുശേഷം അതാത് മേഖലകളിലെ വിദഗ്ദ്ധർ അടങ്ങുന്ന ഒരു സമിതിയുടെ മുൻപാകെ വിദഗ്ദ്ധ പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്. വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്ക് ശേഷം കമ്പനികളുടെ മാസ്റ്റർ പ്ലാനുകൾ സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഈ മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും സ്ഥാപനങ്ങളുടെ വരും വർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്. |

സെക്ഷൻ ഓഫീസർ